(ഡി) വിനോദസഞ്ചാരം പ്രോത്സാഹിപ്പിക്കുന്നതിന്റെ ഭാഗമായി ഹോട്ടൽ പദ്ധതികൾക്ക് സബ്സിഡികൾക്കു പുറമേ മറ്റെന്തെല്ലാം ആനുകൂല്യങ്ങളാണ് നൽകി വരുന്നത്; ഇതു സംബന്ധിച്ച എല്ലാ ഗവൺമെന്റ് ഉത്തരവുകളുടേയും പകർപ്പ് ലഭ്യമാക്കാമോ?

ഉത്തരം

(എ) സ്റ്റാർ ഹോട്ടലുകൾക്ക് മുതൽ മുടക്കിന്റെ 10 ശതമാനം (പരമാവധി 10 ലക്ഷം) ഇൻവെസ്റ്റിമെന്റ് സബ്സിഡിയും ഇലക്ട്രിസിറ്റി താരിഫ് സബ്സിഡിയും ഇക്കോ ഇനിഷ്യേറ്റീവ് സംരംഭത്തിന് 15 ശതമാനം (പരമാവധി 5 ലക്ഷം രൂപ) സബ്സിഡിയും (പത്തു ലക്ഷത്തിന് പുറമേ) നൽകി വരുന്നു. ആയതിനാൽ ഇൻവെസ്റ്റിമെന്റ് സബ്സിഡി തുക പരമാവധി 15 ലക്ഷമാണ്.

(ബി) സ്റ്റാർ പദവിയുള്ള ഹോട്ടലുകൾക്കും, ഹെറിറ്റേജ് അംഗീകാരമുള്ള ഹോട്ടലുകൾക്കുമാണ് കേന്ദ്ര ഗവൺമെന്റിന്റെ ആനുകൂല്യങ്ങൾ നൽകുന്നത്.

(സി) കേന്ദ്രഗവൺമെന്റ് നേരിട്ടാണ് നൽകിവരുന്നത്.

(ഡി) സബ്സിഡികൾക്ക് പുറമേ വൈദ്യുത താരിഫിൽ ഇളവ്, 50 കോടിയ്ക്കു മുകളിൽ മുതൽ മുടക്കുന്നവർക്ക് പ്രത്യേക ഇൻസന്റീവുകൾ എന്നിവയും നൽകുന്നുണ്ട്. സർക്കാർ ഉത്തരവുകളുടെ പകർപ്പ് അടക്കം ചെയ്തിട്ടുണ്ട്. †

വേമ്പനാട്ടുകായലിലെ മലിനീകരണം തടയാൻ നടപടി

47 [3391] ശ്രീ. ടി. എം. ജേക്കബ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിനോദസഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഹൗസ് ബോട്ടുകളിൽ നിന്നും പുറത്തേക്ക് വിടുന്ന വിസർജ്യ വസ്തുക്കൾമൂലം വേമ്പനാട്ട് കായലിൽ മലിനീകരണം രൂക്ഷമാകുന്ന കാര്യം ഗവൺമെന്റിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) പ്രസ്തുത മലിനീകരണം തടയുന്നതിനായി എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട് എന്ന് വ്യക്തമാക്കാമോ;

(സി) ക്രമാതീതമായി ഹൗസ് ബോട്ടുകളുടെ എണ്ണം വർദ്ധിക്കുന്നത് നിയന്ത്രിക്കുവാൻ ഉദ്ദേശ്യമുണ്ടോ; വിശദാംശങ്ങൾ വെളിപ്പെടുത്തുമോ?

† ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) ഉണ്ട്.

(ബി) ഹൗസ് ബോട്ടുകൾ മുഖേന കായലുകളിൽ ഉണ്ടാകുന്ന മാലിന്യം നിർമ്മാർജ്ജനം ചെയ്യുന്നതിനായി 89,43,000 രൂപയ്ക്ക് സ്വീവേജ് ട്രീറ്റ്മെന്റ് പ്ലാന്റുകൾ ഹൗസ്ബോട്ടുകളിൽ ഘടിപ്പിക്കുന്നതിന് ഭരണാനുമതി നൽകിയിട്ടുണ്ട്. കൂടാതെ മലിനീകരണം തടയുന്നതിന് വേണ്ട നടപടി സ്വീകരിക്കാൻ സംസ്ഥാന മലിനീകരണ നിയന്ത്രണ ബോർഡിനോട് ആവശ്യപ്പെട്ടിട്ടുണ്ട്. പ്രധാന ബോട്ടിംഗ് സെന്ററുകളിൽ ബോട്ട് ടെർമിനലുകൾ നിർമ്മിക്കാനും, ശുദ്ധജലം ലഭ്യമാക്കാനും, ടോയ്ലറ്റ് വേസ്റ്റ് നീക്കം ചെയ്യാനുമുള്ള ട്രീറ്റ്മെന്റ് പ്ലാന്റുകൾ നിർമ്മിക്കാൻവേണ്ട സൗകര്യങ്ങളും ഏർപ്പെടുത്തുന്നതാണ്. ഒന്നാംഘട്ടത്തിൽ വാടിക്കൽ, നീലേശ്വരം, ചേറ്റുവ എന്നിവിടങ്ങളിൽ ബോട്ടു ടെർമിനലിന്റെ പണി ടെന്റർ ചെയ്തു കഴിഞ്ഞു. കുമരകത്തും, പുന്നമടയിലും ട്രീറ്റ്മെന്റ് പ്ലാന്റുകളുടെ നിർമ്മാണത്തിന് നടപടികൾ പൂർത്തിയായിട്ടുണ്ട്. ആലപ്പുഴയിൽ ഹൗസ്ബോട്ട് ടെർമിനലിന്റെ നിർമ്മാണം ആരംഭിച്ചു കഴിഞ്ഞു. ഹൗസ്ബോട്ടുകളിൽ ബയോടോയ്ലറ്റ് സ്ഥാപിക്കുവാനും നിർദ്ദേശം നൽകിയിട്ടുണ്ട്. LPG ഇന്ധനമായി ഉപയോഗിക്കുന്നതിന് വേണ്ട നിയമഭേദഗതി വരുത്താൻ ജല വിഭവ വകുപ്പിലെ ചീഫ് മെക്കാനിക്കൽ എഞ്ചിനീയറോട് ടൂറിസം വകുപ്പ് ആവശ്യപ്പെട്ടിട്ടുണ്ട്.

(സി) ഹൗസ്ബോട്ടുകളുടെ എണ്ണം ക്രമാതീതമായി വർദ്ധിച്ചിട്ടില്ല.

സംസ്ഥാനം സന്ദർശിക്കുന്ന വിദേശികൾ

48 [3392] പ്രൊഫസർ എ. ഡി. മുസ്തഫ:

ശ്രീ. വർക്കല കഹാർ:

,, എം. എ. വാഹിദ്:

,, വി. ജെ. പൗലോസ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിനോദസഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനം സന്ദർശിക്കുന്ന വിദേശികളിൽ ഏതു രാജ്യക്കാരാണ് കൂടുതലെന്ന് വെളിപ്പെടുത്തുമോ;

(ബി) ഒരു വിദേശി സംസ്ഥാനത്ത് ഒരു ദിവസം താമസിക്കുമ്പോൾ ശരാശരി എത്ര തുകചെലവഴിക്കുന്നു; ഇതിൽ സർക്കാരിന് എത്ര തുക ലഭിക്കുന്നു എന്ന് വെളിപ്പെടുത്തുമോ?

ഉത്തരം

(എ) സംസ്ഥാനം സന്ദർശിക്കുന്ന വിദേശികളിൽ, 2004-ലെ കണക്കു പ്രകാരം, ഏറ്റവും കൂടുതൽ യുണൈറ്റഡ് കിംഗ്ഡത്തിൽ നിന്നുള്ളവരാണ്.

LIBRARY ARCHIVES Kerala Legislative Assembly